വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി)

(എ-സി) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച് സർക്കാരും ടീകോമും തമ്മിൽ 13-5-2007-ൽ ഒപ്പുവച്ച ഫ്രെയിംവർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം ക്ലോസിംഗ് തീയതി മുതൽ പത്ത് വർഷത്തിനകം 8.8 മില്യൺ ച.അടി. നിർമ്മാണ വിസ്തൃതിയോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും 90,000 തൊഴലവസരങ്ങൾ സൃഷ്ടിക്കേണ്ടതുമാണ്. കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ 246 ഏക്കർ മാസ്റ്റർ പ്ലാനിന് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ പാരിസ്ഥിതികാനുമതിയും MOEF ക്ലിയറൻസും ലഭ്യമായിട്ടുണ്ട്. ഇതുകൂടാതെ 246 ഏക്കറിനും പ്രത്യേക സാമ്പത്തിക മേഖലാ പദവി (SEZ) ലഭ്യമായിട്ടുണ്ട്. ബിൽഡിംഗ് പ്ലാനുകൾക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമുള്ള അംഗീകാരം നൽകുന്നതിനായി സ്മാർട്ട് സിറ്റിക്കുവേണ്ടി ഒരു സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡിനെ പവർ ഡിസ്ട്രിബ്യൂഷൻ ലൈസൻസിയായി ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ ഏകദേശം 5000 പേർക്ക് ജോലി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന 6.5 ലക്ഷം ച.അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. സ്മാർട്ട് സിറ്റി ഡയറക്ടർ ബോർഡിലെ ഗവൺമെന്റ് പ്രതിനിധികൾ പദ്ധതി നിർമ്മാണ പ്രവർത്തന പുരോഗതി ഓരോ ഘട്ടത്തിലും വിലയിരുത്താറുണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, ജില്ലാ ഭരണകൂടത്തിന്റെ പങ്കാളിത്തം എന്നിവ ഉറപ്പാക്കി പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗുകൾ നടത്തിവരുന്നു.

(എഫ്) 2007-ൽ സർക്കാരും ടീകോമും ഒപ്പുവച്ച ഫ്രെയിംവർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കിയാണ് സ്മാർട്ട് സിറ്റി ഉപസംരംഭകരെ പങ്കാളികളാക്കുന്നത്.

ആശ്വാസനിധി പദ്ധതി

6(*186) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്ക് ചികിത്സ ലഭ്യമാക്കുന്നതിന് ആശ്വാസനിധി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>):

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അത്യാഹിത സന്ദർഭങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി 'പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധി' എന്ന പേരിലും 'സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി' എന്ന പേരിലും രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമാക്കി സമ്പൂർണ്ണ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ചികിത്സാ രംഗത്തുണ്ടായ മാറ്റങ്ങളും വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവുകളും പരിഗണിച്ച് വിവിധ രോഗങ്ങളുടെ ചികിത്സയ്ക്കായി പട്ടികവർഗ്ഗക്കാർക്ക് ധനസഹായം നൽകുക, പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാനദായകനായ വ്യക്തി അപകട മരണത്തിന് ഇരയായാൽ അത്തരം കുടുംബങ്ങൾക്ക് ധനസഹായം, പ്രകൃതിക്ഷോഭംമൂലം വീടിനും വസ്തുവകകൾക്കും നാശനഷ്ടമുണ്ടാകുന്ന പട്ടികവർഗ്ഗക്കാർക്ക് ധനസഹായം എന്നിവയും ടി പദ്ധതിയിൽ ഉൾപ്പെടുന്നു.

(സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, കണ്ണൂർ ജില്ലയിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരം ജില്ലയിലെ ശ്രീചിത്തിര തിരുനാൾ മെഡിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ആർ. സി.സി., മലബാർ കാൻസർ സെന്റർ, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി, എസ്.എ.ടി. എന്നീ സ്ഥാപനങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും മേൽ സ്ഥാപനങ്ങളിലെ സൂപ്രണ്ടുമാർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം തുക അനുവദിച്ച് നൽകുകയും അവർ അവരുടെ അധീനതയിലുള്ള ജില്ല, താലൂക്ക് ആശുപത്രികൾക്കും പ്രൈമറി ഹെൽത്ത് സെന്ററുകൾക്കും ആവശ്യാനുസരണം തുക അനുവദിച്ച് നൽകുന്നു. ചികിത്സ തേടിയെത്തുന്ന പട്ടികവർഗ്ഗക്കാർ നൽകേണ്ട രേഖകൾ ഏതൊക്കെയെന്ന് നിശ്ചയിക്കുകയും പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കാവുന്ന പരമാവധി ചികിത്സാ ചെലവ് വിവിധ തലങ്ങളിൽ അനുവദിക്കാവുന്നതിന്റെ പരിധിയും നിശ്ചയിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് ആശുപത്രി തലത്തിലും സംസ്ഥാനതലത്തിലും മോണിറ്ററിംഗ് നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഭരണതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly